പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1892 15.07.2016-ന് മറുപടിയ്ക്ക്

## കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷൻ റോഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിൽ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷന്റെ മുൻഭാഗത്തുള്ള റോഡ് പൂർണ്ണമായും തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷനു മുന്നിലെ റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റോഡിന്റെ തകർന്നു കിടക്കുന്ന ഈ ഭാഗത്ത് ഒരു പാലത്തിന്റെ ആവശ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) സ്റ്റേഷനു മുന്നിലെ ഭാഗത്ത് ഒരു പാലത്തിന്റെ ആവശ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത പാലം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; | (സി) 2017-18 സാമ്പത്തിക വർഷത്തിലെ Annual Plan of Operation -ൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും, 1980-ലെ വന സംരക്ഷണ നിയമ പ്രകാരം ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്കും മാത്രമേ പാലം പണിയുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) പ്രസ്തുത പ്രശ്നത്തിൽ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) പ്രസ്തുത റോഡിന്റെ മെറ്റലിംഗ് ജോലികൾ 3 റീച്ചായി താഴെ പറയും പ്രകാരം ചെയ്തിട്ടുണ്ട്. |

| സാമ്പത്തിക വർഷം | ചെലവായ തുക |
|---|---|
| 2007-08 | 3,98,236 |
| 2008-09 | 3,58,850 |
| 2009-10 | 4,44,570 |

Ajith

സെക്ഷൻ ഓഫീസർ